പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1799 | 10.02.2020-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. യിൽ ടിക്കറ്റിംഗ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മമ്മൂട്ടി | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ ടിക്കറ്റിംഗ് സംവിധാനം മാത്രമുള്ള ഇ.ടി.എം. (ഇലക്ട്രോണിക്ക് ടിക്കറ്റിംഗ് മെഷീൻ) വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചിരുന്നോ; എങ്കിൽ എന്നാണെന്ന് അറിയിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ ടിക്കറ്റിംഗ് സംവിധാനം മാത്രമുള്ള ഓഫ് ലൈൻ ഇലക്ട്രോണിക്ക് ടിക്കറ്റിംഗ് മെഷീൻ വാങ്ങുന്നതിനായി 08.8.2019, 31.10.2019 എന്നീ തീയതികളിൽ ടെണ്ടർ ക്ഷണിച്ചിരുന്നു. |
| (ബി) | ഇതുപ്രകാരം ആരൊക്കെ ടെണ്ടർ ലഭ്യമാക്കിയെന്നും ഇതിൽ ഏറ്റവും കുറഞ്ഞ ടെണ്ടർ നൽകിയത് ഏത് കമ്പനിയാണെന്നും അറിയിക്കാമോ; | (ബി) യും (സി) യും | ആദ്യ ഇ-ടെണ്ടറിൽ,<br>1. M/s.Soft land India Ltd<br>2. M/s.Quantam Power System<br>3. M/s.ITI Ltd.<br>എന്നീ മൂന്ന് സ്ഥാപനങ്ങൾ പങ്കെടുത്തു ആയതിൽ M/s.Soft land India Ltd എന്ന സ്ഥാപനം മാത്രം യോഗ്യത നേടി. ഒരു സ്ഥാപനം മാത്രം യോഗ്യത നേടിയതിനാൽ വീണ്ടും ഇ-ടെണ്ടർ ക്ഷണിച്ചു. ഇതിൽ M/s.Soft land India Ltd, M/s.ITI Ltd എന്നീ രണ്ട് കമ്പനികൾ പങ്കെടുത്തു. ഇതിൽ യോഗ്യത നേടിയ M/s.Soft land India Ltd-ന്റെ ടെക്നിക്കൽ ഇവാല്യൂവേഷൻ നടന്നുകൊണ്ടിരിക്കുകയാണ്.<br>അതിനുശേഷം ഫിനാഷ്യൽ ബിഡ് തുറക്കുമ്പോൾ മാത്രമേ ഏത് കമ്പനിയാണ് ഏറ്റവും കുറഞ്ഞ ടെണ്ടർ നൽകിയതെന്ന് അറിയാൻ സാധിക്കുകയുള്ളൂ. |
| (സി) | മെഷീൻ വാങ്ങുന്നതിന് ആരെയാണ് ഗവൺമെന്റ് തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത്; തെരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ; എന്ന്മുതലാണ് ടി കമ്പനി മെഷീനുകൾ കെ.എസ്.ആർ.ടി.സി. യ്ക്ക് സപ്ലൈ ചെയ്യുന്നതിന് കരാർ വെച്ചിരിക്കുന്നത്; | | |
| (ഡി) | കരാർ പ്രകാരം തരുന്ന മെഷീന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ടെന്നും ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ എന്നും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന | (ഡി) | ദർഘാസിൽ പങ്കെടുത്ത സ്ഥാപനങ്ങൾ നൽകിയ സാമ്പിൾ സാങ്കേതിക പരിശോധന നടത്തുന്നതിനായി പുറത്ത് നിന്നും വിദഗ്ദരെ ഉൾപ്പെടുത്തിക്കൊണ്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്), എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്നിക്കൽ), |

| | | | |
|---|---|---|---|
| | തെന്നും വെളിപ്പെടുത്തുമോ; | | എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്), സി-ഡാക്ക്, ഐ.ടി മിഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള ടെക്നിക്കൽ മെമ്പർമാർ എന്നിവർ അടങ്ങിയ കമ്മിറ്റി പ്രസ്തുത മെഷീനുകളുടെ ഹാർഡ് വെയർ ഇവാല്യുയേഷനും ഫീൽഡ് ട്രയലും നടത്തി തൃപ്തികരമാണ് എന്നുള്ള റിപ്പോർട്ട് നൽകിയാൽ മാത്രമേ കരാർ നൽകുകയുള്ളൂ. കൂടാതെ 3 വർഷത്തെ replacement warranty യോടു കൂടിയാണ് മെഷീൻ വാങ്ങുന്നത്. |
| (ഇ) | മുമ്പ് മെഷീൻ ലഭ്യമാക്കി കെ.എസ്.ആർ.ടി.സി. യുമായി കരാർ ഉണ്ടായിരുന്ന കമ്പനി അവരുടെ എ.എം.സി. വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ കാലതാമസം ഉണ്ടായപ്പോൾ മെഷീൻ പ്രവർത്തിപ്പിക്കാതെ അതിന്റെ സെർവ്വറുമായുള്ള ബന്ധം വിച്ഛേദിച്ചത് കണക്കിലെടുത്ത് മെഷീൻ സപ്ലൈ ചെയ്യുന്ന കമ്പനിയുമായി കരാർ ഉണ്ടാക്കുമ്പോൾ ഇക്കാര്യത്തിൽ ഗവൺമെന്റ് -ന്റെ മേൽനോട്ടം ഏർപ്പെടുത്തുമോ; | (ഇ) | മെഷീൻ വിതരണം ചെയ്യുന്ന കമ്പനിയുമായി കരാർ ഉണ്ടാക്കുന്നത് കെ.എസ്.ആർ.ടി.സി ഭരണസമിതിയുടെ അധികാര പരിധിയിൽ വരുന്ന വിഷയമാണ്. |
| (എഫ്) | ടി കമ്പനിയുമായി ഉണ്ടാക്കിയ കരാർ പ്രകാരം എന്ന് മുതലാണ് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പുതിയ ഇലക്ട്രോണിക്ക് ടിക്കറ്റിംഗ് മെഷീൻ ഏർപ്പെടുത്താനാവുകയെന്ന് വെളിപ്പെടുത്തുമോ; | (എഫ്) | പുതിയ മെഷീനുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. നിലവിൽ കരാറുകൾ ഒന്നും തന്നെ ഇല്ല. |
| (ജി) | പുതിയ കമ്പനിയുമായി കരാറിലേർപ്പെടുമ്പോൾ മെഷീൻ കേടാവുകയാണെങ്കിലോ അതിന്റെ ബാറ്ററി ചാർജ്ജ് നിലനിൽക്കാതിരിക്കുകയാണെങ്കിലോ അത് ഗൗരവമായി കണ്ട് കമ്പനിയിൽ നിന്ന് അത്തരം കാര്യങ്ങളിലെ വീഴ്ച പരിഹരിക്കുന്നതിന് പ്രത്യേകം ശ്രദ്ധചെലുത്തുമോ; വിശദമാക്കാമോ? | (ജി) | 3 വർഷത്തെ replacement warranty യോടു കൂടിയാണ് മെഷീൻ വാങ്ങുന്നത്. മെഷീന് ഉണ്ടാകുന്ന തകരാറുകൾ പരിഹരിക്കാനുള്ള നടപടികൾ കൈകൊള്ളുന്നതാണെന്നും പുതിയ കമ്പനിയുമായി കരാറിൽ ഏർപ്പെടുമ്പോൾ കരാർ വ്യവസ്ഥകളിൽ ടി കാര്യങ്ങൾ ശിക്ഷാർഹമാക്കുന്നതിനുള്ള ഉടമ്പടികൾ ചേർക്കുന്നതാണെന്നും കെ.എസ്.ആർ.ടി.സി അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**